പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 856

03/12/2014-ൽ
മറുപടിയ്ക്ക്

**ക്ഷേത്രകലാ അക്കാദമി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.വി. രാജേഷ് | | ശ്രീ. വി.എസ്. ശിവകുമാർ, ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | കണ്ണൂർ ജില്ലയിലെ മാടായിക്കാവിൽ ക്ഷേത്രകലാ അക്കാദമി സ്ഥാപിക്കുന്നതിന് ഇതുവരെയായി എത്ര ലക്ഷം രൂപയാണ് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നത്; അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി എത്ര രൂപ നൽകിയിട്ടുണ്ട്; തുക നൽകിയിട്ടില്ലെങ്കിൽ അത് എന്തുകൊണ്ട് എന്ന് വെളിപ്പെടുത്താമോ; | എ) | മലബാർ ദേവസ്വം ബോർഡിന് കീഴിൽ ക്ഷേത്ര കലാ അക്കാദമി സ്ഥാപിക്കുന്നതിനായി 2012-13 ബഡ്ജറ്റ് പ്രസംഗത്തിൽ 50 ലക്ഷം രൂപാ വകയിരുത്തുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആയത് വകയിരുത്തിയിരുത്താൻ കഴിഞ്ഞില്ല. 2014- ലെ ജനുവരിയിലെ ഉപധനാഭ്യർത്ഥന പ്രകാരം 2250-103-85-36-NP-V എന്ന ശീർഷകത്തിൽ ടോക്കൺ പ്രാവിഷൻ ഉൾപ്പെടുത്തിയിരുന്നെങ്കിലും എസ്.ഡി.ജി യിൽ ടോക്കൺ വകയിരുത്തുന്നതിന് മുൻപുതന്നെ അക്കാദമിക്ക് വേണ്ടിയുള്ള ഫർണിച്ചർ ഇനത്തിൽ 4,82,722/- രൂപ ചെലവാക്കിയ സാഹചര്യത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്താൻ കഴിഞ്ഞില്ല. |
| ബി) | ചെണ്ട, പൂരക്കളി എന്നീ രണ്ടു കോഴ്സുകൾ സെപ്റ്റംബറിൽ ആരംഭിക്കുമെന്ന് 25/07/2012 ൽ ബഹു. ദേവസ്വം വകുപ്പ് മന്ത്രി സബ്മിഷന് മറുപടി നൽകിയിരുന്നെങ്കിലും ഇതുവരെയായി കോഴ്സുകൾ ആരംഭിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ബി) & സി) | ഉണ്ട്. മലബാർ ദേവസ്വം ബോർഡിന്റെ നിയന്ത്രണത്തിൽ മലബാറിലെ ക്ഷേത്ര കലാ അക്കാദമിയുടെ പ്രവർത്തനത്തിനായി സർക്കാർ പ്രത്യേക ഫണ്ട് അനുവദിക്കുന്നതുവരെ, തനത് ഫണ്ടിൽ നിന്നോ ബോർഡിന് നൽകിയിട്ടുള്ള ഗ്രാന്റ് തുകയിൽ നിന്നോ ആവശ്യമായ തുക ചെലവഴിച്ച് ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനം അടിയന്തിരമായി ആരംഭിക്കുന്നതിന് മലബാർ ദേവസ്വം ബോർഡ് കമ്മീഷണർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തടസ്സങ്ങൾ തീർക്കുന്നതിന് ബന്ധപ്പെട്ടവരുടെ ഒരു യോഗം താമസിയാതെ വിളിച്ചുചേർക്കുന്നതാണ്. |
| സി) | ക്ഷേത്രകലാ അക്കാദമിക്ക് 6/4/2013 -ന് ഭരണാനുമതി ലഭിക്കുകയും 25/2/2014 -ന് ഭരണ സമിതി രൂപീകരിക്കുകയും ചെയ്യുവെങ്കിലും കോഴ്സുകൾ തുടങ്ങുന്നത് നീണ്ടുപോകുന്നതെന്തു കൊണ്ടാണെന്നും കോഴ്സുകൾ എന്ന് തുടങ്ങാൻ സാധിക്കും എന്നുമുള്ള വിശദാംശം നൽകുമോ? | | |

സെക്ഷൻ ഓഫീസർ